പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിലെ ക്രമക്കേടുകൾ

*11 [10] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവീസ് കമ്മീഷൻ നടത്തി വരുന്ന പരീക്ഷകളിൽ അടുത്ത കാലത്തായി വ്യാപകമായ ക്രമക്കേടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ക്രമക്കേടുകൾ മേലിൽ ഉണ്ടാകാതിരിക്കുവാൻ എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ, ബി) കൊല്ലം ജില്ലയിൽ 16-8-2003-ൽ പി. എസ്. സി. നടത്തിയ എൽ. ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായുള്ള പരാതി പോലീസിലെ ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ അന്വേഷണത്തിലാണ്. മറ്റു ചില ജില്ലകളിലും, മറ്റു തസ്തികകളിലേക്കും നടത്തിയ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോർന്നതായ പത്ര റിപ്പോർട്ടുകളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിശോധിച്ച് പി. എസ്. സി. യുമായി ആലോചിച്ച് അനുയോജ്യ നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം പരാതികൾക്ക് ഇട നൽകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നതായി പി. എസ്. സി. അറിയിച്ചിട്ടുമുണ്ട്.

മാറാട് സംഭവത്തെക്കുറിച്ച് അന്വേഷണം

*12 [11] ശ്രീ. കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കൂട്ടക്കൊല സംബന്ധിച്ച് സി. ബി. ഐ. അന്വേഷണത്തിനു ശുപാർശ ചെയ്യാൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ അത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് നിയമോപദേശം തേടിയിരുന്നുവോ;

(സി) എങ്കിൽ എന്തു നിയമോപദേശമാണ് ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാറാട് സംഭവവുമായി ബന്ധപ്പെട്ട വിവിധ ജനവിഭാഗങ്ങളുമായി ഗവൺമെന്റ് ഒത്തുതീർപ്പ് ചർച്ച നടത്തിയിരുന്നുവോ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച തീരുമാനങ്ങളും വ്യവസ്ഥകളും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) മാറാട് സംഭവത്തിനു പിന്നിലെ ഗൂഢാലോചന, അന്തർ സംസ്ഥാന ബന്ധം, തീവ്രവാദ ബന്ധം എന്നിവയെക്കുറിച്ച് സി. ബി. ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടാൻ മന്ത്രിസഭ തീരുമാനിക്കുകയുണ്ടായി.

(ബി, സി, ഡി & ഇ) തേടിയിരുന്നു. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചു. ആയത് പരിശോധിച്ചു വരികയാണ്. അന്തിമതീരുമാനമൊന്നുമെടുത്തിട്ടില്ല. നിയമോപദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

നടത്തിയിരുന്നു. തീരുമാനങ്ങൾ താഴെപ്പറയുന്നു:

1. മാറാട് സംഭവത്തിന്റെ പിന്നിലെ ഗൂഢാലോചന, അന്തർ സംസ്ഥാന ബന്ധം, തീവ്രവാദ ബന്ധം എന്നിവ സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനെപ്പറ്റി നിയമവശം നോക്കി അനന്തരനടപടികൾ സ്വീകരിക്കേണ്ടതും ആദ്യപടിയായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടേണ്ടതുമാണ്.

2. കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകും.

3. കൊല്ലപ്പെട്ടവരുടെ ആശ്രിതരിൽ ഒരാൾക്ക് യോഗ്യത നോക്കി സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകും.

4. അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് 5 ലക്ഷം രൂപാ വീതവും, പരിക്കേറ്റ മറ്റുള്ളവർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം നൽകും.

5. മാറാട് പുനരധിവാസ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6. വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന സഹായധനം നൽകും.

7. മാറാട് പ്രശ്നത്തിന്റെ പേരിൽ നടന്ന സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ എടുത്ത കേസുകൾ പിൻവലിക്കാൻ ശുപാർശ ചെയ്യും.

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

8. മാറാട്, മുഴുവൻ strength-ഓടുകൂടിയുള്ള ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കും.

9. ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ തുടങ്ങുന്നതിന് വേണ്ടിയുള്ള ഭൂമി ഉടൻ തന്നെ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കും.

10. മാറാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ നേരിട്ട് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദമാമിലേക്ക് ജോലിക്കുപോയവരെ തടഞ്ഞ സംഭവം

*13 [12] ശ്രീ. വി. ബാലറാം:
,, കെ. മുഹമ്മദാലി:
,, കെ. പി. വിശ്വനാഥൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള എയർപോർട്ടുകളിലെ ഇമിഗ്രേഷൻ വിഭാഗത്തിന്റെ ചുമതല ആർക്കാണ്;

(ബി) നവംബർ 15-ാം തീയതിക്കു ശേഷവും 21-ാം തീയതിക്ക് മുൻപുമായി ദമാമിലേക്ക് ജോലിക്കു പോകുന്നതിനായി യാത്രാരേഖകളും ബോർഡിംഗ് പാസ്സുകളുമായി തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയവരെ അകത്തേക്കു കടത്തിവിട്ടില്ലെന്നും അവർക്കു ജോലി നഷ്ടപ്പെട്ടു എന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരിൽ നിന്നെല്ലാമാണ് പരാതി ലഭിച്ചത്;

(ഡി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്.

(ബി) 18-11-2003-ന് രാത്രി 11.10-നുള്ള എയർഇന്ത്യാ വിമാനം എ. ഐ. 915-ൽ ദമാമിലേക്ക് ജോലിക്കായി പോകാൻ വന്ന 30 വയസ്സിന് താഴെ പ്രായമുള്ള 6 സ്ത്രീകളുടെ യാത്രാരേഖകൾ പരിശോധിച്ചതിൽ ടി യാത്രക്കാർ ഏതു ജോലിക്കാണ് പോകുന്നതെന്നുള്ള വിവരം അവരവരുടെ കൈവശമുള്ള അറബി ഭാഷയിലുള്ള വിസ